സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

പെൻഷൻകാരുടെ ക്ഷാമാശ്വാസം - 01-01-2019, 01-07-2019, 01-01-2020, 01-07-2020 തീയതികൾ മുതൽ പ്രാബല്യത്തിൽ പരിഷ്ക്കരിച്ചത് - കുടിശ്ശിക വിതരണം ചെയ്യുന്നത് -- ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC No. 11900/11/Est-1 നന്തൻകോട് 06/11/2021

---

പരാമർശം :- 1) 19-03-2021 ലെ മേൽ നമ്പർ ബോർഡുത്തരവ്.
2) 24-03-2021 ലെ മേൽ നമ്പർ ബോർഡുത്തരവ്.
3) പെൻഷൻ സംഘടനകളുമായി 05-11-2021 ൽ ബോർഡ് നടത്തിയ ചർച്ച.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ക്ഷാമബത്ത, പെൻഷൻകാരുടെ ക്ഷാമാശ്വാസം എന്നിവ 01-01-2019, 01-07-2019, 01-01-2020, 01-07-2020 തീയതികൾ മുതൽ പ്രാബല്യത്തിൽ പരിഷ്ക്കരിച്ച് ബോർഡുത്തരവായി (പരാമർശം -1).

അതിൻപ്രകാരമുള്ള പെൻഷൻകാരുടെ ക്ഷാമാശ്വാസ കുടിശ്ശിക 01-12-2021 ലെ പെൻഷനോടൊപ്പം നൽകുന്നതിന് അനുവദിച്ചിരുന്നു (പരാമർശം -2).

ബോർഡിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും പെൻഷൻ സംഘടനകളുമായി 05-11-2021 ൽ ബോർഡ് നടത്തിയ ചർച്ചയിലെ തീരുമാനപ്രകാരവും പരാമർശം 2 ഉത്തരവ് ഭേദഗതി ചെയ്ത് പെൻഷൻകാരുടെ ക്ഷാമാശ്വാസ കുടിശ്ശിക 01-04-2022 ലെ പെൻഷനോടൊപ്പം നൽകുന്നതിന് നിർദ്ദേശിച്ച് ബോർഡുത്തരവാകുന്നു.

പ്രസ്തുത തീയതിയ്ക്ക് മുൻപായി ബോർഡിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നപക്ഷം അപ്പോൾ ക്ഷാമാശ്വാസ കുടിശ്ശിക വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുന്നതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

(മറുപുറം)

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഇ.ഡി.പി. സെക്ഷൻ
3. പെൻഷൻ സെക്ഷൻ, ബോർഡ് ആഫീസ്
4. അക്കൗണ്ട്സ് സെക്ഷൻ, ബോർഡ് ആഫീസ്
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK